"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - ജീവനക്കാര്യം - കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് തസ്തിക - ഗവൺമെന്റ് സെക്രട്ടേറിയറ്റ് നിയമ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II, ശ്രീമതി ബീന പി.കെ.-യെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.765/2025/LBR    തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:- 1. 10/05/2013 ലെ 42/2013/ധന നമ്പർ സർക്കുലർ.
2. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30/05/2025-ലെ TWWFB/CEO/129/2025-B1 നമ്പർ കത്ത്.

**ഉത്തരവ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഒഴിവുള്ള സീനിയർ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റ് നിയമ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീമതി ബീന പി.കെ. സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് ടി ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫിസർ പരാമർശം (2) പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗവൺമെന്റ് സെക്രട്ടേറിയറ്റ് നിയമ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ആയ ശ്രീമതി ബീന പി.കെ.-യെ, അന്യത്രസേവന നിയമനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശം (1) സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഒഴിവുള്ള സീനിയർ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള നിയമന ഉത്തരവ് ലഭിച്ചതിനു ശേഷം മാത്രമേ ശ്രീമതി ബീന പി.കെ.-യെ മാതൃവകുപ്പിൽ നിന്നും വിടുതൽ ചെയ്യുവാൻ പാടുള്ളൂ. കെ.എസ്.ആർ. ഭാഗം I, ചട്ടം 144 പ്രകാരമുള്ള ടിയാളുടെ സ്റ്റേറ്റ്മെന്റ് മാതൃവകുപ്പ് നേരിട്ട് പ്രിൻസിപ്പൽ അക്കൗണ്ടന്റ്

ജനറൽ (എ&ഇ), കേരള, തിരുവനന്തപുരത്തിന് യഥാവിധി പൂരിപ്പിച്ചു നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീജ ആർ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
നിയമ (ഭരണം-I) വകുപ്പ് (08/04/2025-ലെ AD-I(2)/67/2025-LAW നമ്പർ കത്ത് പ്രകാരം).
ശ്രീമതി ബീന പി.കെ., കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II [നിയമ (ഭരണം-I) വകുപ്പ് മുഖേന].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. LBRD-H1/90/2025-LBRD).

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
സെക്ഷൻ ഓഫീസർ
Date: 26-06-2025 12:59:40

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.